15.01.22

DISPATCHED
28/01/2022...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,


**തിരുവനന്തപുരം 695 001**

**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**

**E-mail: sic.ker@nic.in**


## ഹർജി നമ്പർ AP No.855(4)/ 21/എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.3576/എസ്.ഐ.സി–ജി2/2021 )**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി: 15.01.2022**

ശ്രീമതി. ബിനിമോൾ.കെ.ജി,
സുരഭി, ശ്രീ–65,
ഏരൂർ വെസ്റ്റ്.പി.ഒ.,
തൃപ്പൂണിത്തുറ– 695 001.

അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
ജോയിന്റ് രജിസ്ട്രാർ (ഭരണവിഭാഗം),
കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല,
കൊച്ചി–22.

എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
രജിസ്ട്രാർ,
കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല,
കൊച്ചി–22.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി 11.12.2020 ൽ ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ, സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച G.O. (P) No. 26/91/P &ARD dt. 27.08.1991, G.O. (P) No. 45/91/P&ARD dt. 30.12.1991 എന്നീ ഉത്തരവുകൾ ഒന്നാം എതിർകക്ഷിയുടെ ഓഫീസായ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നടപ്പാക്കിയതുമായി ബന്ധപ്പെട്ട മൂന്നിന വിവരങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

2) ഇതിന് 4.1.2021 ൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ പറഞ്ഞിരുന്നത്, അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സർവ്വകലാശാലയിൽ

ലഭ്യമല്ലെന്നും, അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ ഇരുപതു വർഷം മുമ്പ് നടന്ന കാര്യങ്ങളാണ് എന്നതുകൊണ്ട് വിവരാവകാശ നിയമം 8 (3) വകുപ്പു പ്രകാരം നൽകാൻ കഴിയാത്തതാണെന്നുമാണ്.

3) ഇതുമായി ബന്ധപ്പെട്ട് അപ്പീൽ ഹർജിക്കാരി 7.1.2022 ൽ കമ്മീഷൻ മുമ്പാകെ ഹാജരായി മൊഴി സമർപ്പിച്ചു. അപ്പീൽ ഹർജിക്കാരിക്കുവേണ്ടി ടിയാൾ ചുമതലപ്പെടുത്തിയതനുസരിച്ച്, അഡ്വ.കെ.എൻ.പത്മകുമാർ ആണ് കമ്മീഷൻ മുമ്പാകെ ഹാജരായത്. തന്റെ കക്ഷി ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും നൽകാൻ നിയമപരമായി ഒന്നാം എതിർകക്ഷിക്ക് ബാധ്യതയുണ്ടെന്നും, നിയമം ദുർവ്യാഖ്യാനം ചെയ്തതാണ് ഇത് നൽകാതിരുന്നതെന്നും അപ്പീൽ ഹർജിക്കാരിക്കു വേണ്ടി ഹാജരായ അഭിഭാഷകൻ വാദിച്ചു. ഒന്നാം അപ്പീലിന്മേൽ രണ്ടാം എതിർകക്ഷി വിശദീകരണം ഒന്നും നൽകാതെ, കൂടുതൽ വിവരങ്ങൾ ഒന്നും നൽകാനില്ല എന്നു പറഞ്ഞ് അപ്പീൽ ഹർജിക്കാരിയെ നിരാശപ്പെടുത്തുകയായിരുന്നു ചെയ്തതെന്ന് അഭിഭാഷകൻ വിശദീകരിച്ചു.

4) ഇതിനു ശേഷം കമ്മീഷൻ 14.01.2022 ൽ നടത്തിയ ഓഡിയോ ഹിയറിംഗിൽ ഒന്നാം എതിർകക്ഷി പങ്കെടുത്തു. വിവരാവകാശ നിയമം 8(3) വകുപ്പു പ്രകാരമാണ് വിവരങ്ങൾ നൽകാതിരുന്നതെന്നതായിരുന്നു ഒന്നാം എതിർകക്ഷിയുടെ വാദം. എന്നാൽ, വിവരാവകാശ നിയമം 8(3) വകുപ്പ് എന്താണ് പറയുന്നതെന്ന് വായിച്ചു കേൾപ്പിച്ചപ്പോൾ ഒന്നാം എതിർകക്ഷി തനിക്ക് തെറ്റുപ്പറ്റിയതാണ് എന്ന കാര്യം ഹിയറിംഗിൽ സമ്മതിച്ചു.

5) ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധരേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. അപ്പീൽ ഹർജിക്കാരിയുടെ ആവശ്യം ന്യായവും നിയമപരവുമാണെന്നും, ആയതു നൽകാൻ എതിർകക്ഷികൾക്ക് നിയമപരമായ ബാധ്യതയുണ്ടെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. എതിർകക്ഷികൾ നിയമം മനസ്സിലാക്കാതെയോ, നിയമം ദുർവ്യാഖ്യാനം ചെയ്തോ ആണ് അപ്പീൽ ഹർജിക്കാരിക്ക് വിവരം നിഷേധിച്ചിരിക്കുന്നത്. വിവരാവകാശ നിയമം 8(3) വകുപ്പിൽ 'ഇരുപതു വർഷം മുമ്പ് നടന്നതോ, സംഭവിച്ചതോ' എന്നത് 'ഇരുപതുവർഷം മുമ്പ് വരെ നടന്നതോ' എന്ന് എതിർകക്ഷികൾ പാഠഭേദം വരുത്തിയാണ് വിവരങ്ങൾ നിഷേധിച്ചത്. നിയമത്തിന്റെ പ്രസക്ത വകുപ്പിൽ ഒന്നാം എതിർകക്ഷി കൂട്ടിച്ചേർത്ത 'വരെ' എന്നത് കാണുകയോ പരിശോധിക്കുകയോ ചെയ്യാതെ കേവലമായി മേലൊപ്പ് ചാർത്തിയാണ് രണ്ടാം എതിർകക്ഷി മറുപടി നൽകിയത്. രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിലാകട്ടെ, അതിന്മേൽ അപ്പീൽ നൽകേണ്ട രണ്ടാം അപ്പീലധികാരിയുടെ പേരോ വിലാസമോ ഒന്നും കാണിച്ചിട്ടില്ല.

6) എന്നു പറഞ്ഞാൽ, സർവ്വകലാശാലയിലെ ഉന്നത ഉദ്യോഗസ്ഥരായ ഒന്നും രണ്ടും എതിർകക്ഷികൾ വളരെ ലാഘവത്തോടും, അനവധാനതയോടും നിരുത്തരവാദപരവുമായാണ് വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്തിരിക്കുന്നത് എന്നു കാണേണ്ടിയിരിക്കുന്നു. ഇത് കുറ്റകരമാണ്.

7) ആയതുകൊണ്ട്, അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ടിയാൾക്ക് 2022 ജനുവരി 31 നകം പൂർണ്ണമായും സൗജന്യമായി നൽകേണ്ടതും ടി വിവരം കമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. അതോടൊപ്പം, നിയമത്തെ ദുർവ്യാഖ്യാനം ചെയ്തും നിയമപരമല്ലാതെയും മറുപടി നൽകിയ പരാമർശിത കാലയളവിലെ ഒന്നും രണ്ടും എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരം നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ആയത് 2022 ജനുവരി 31 നകം കമ്മീഷന് ലഭ്യമാക്കേണ്ടതാണ്. ഒന്നും രണ്ടും എതിർകക്ഷികൾ ഭാവിയിലെങ്കിലും വിവരാവകാശ നിയമത്തിന്റെ പ്രസക്ത വകുപ്പുകൾ വായിച്ചു പഠിച്ച് വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

8) മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം 15.01.22 ന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

INFORMATION COMMISSION ★ THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Va